**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 411** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊല്ലം ജില്ലയിലെ കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** കൊല്ലം ജില്ലയിൽ നിരവധി കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടപ്പെടുകയും നിരവധി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം നേരിടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൊല്ലം ജില്ലയിൽ പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമായി 600 ഓളം ഫാക്ടറികൾ മുൻപ് പ്രവർത്തിച്ചിരു ന്നതിൽ 187 ഫാക്ടറികൾ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷന്റെ 24 ഉം കാപ്പക്സിന്റെ 7 ഉം ഫാക്ടറികൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

**(ബി)** പ്രവർത്തന രഹിതമായ കശുവണ്ടി ഫാക്ടറികൾ പുനരാരംഭിക്കുന്നതിനും തൊഴിൽ ഉറപ്പാക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** അടഞ്ഞുകിടന്നിരുന്ന ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാനും ഈ മേഖല പുനരുജ്ജീവിപ്പിക്കാനും തൊഴിലാളി കൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി ഒരു സമഗ്ര പാക്കേജിന് രൂപം നൽകുന്നത് പരിഗണനയിലാണ്. നിലവിൽ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്കായി ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ് പദ്ധതി എന്നിവയാണ് നടപ്പിലാക്കി വരുന്നത്. ആയതിലൂടെ മൂലധന ഗ്രാന്റ് പലിശ സബ്സിഡി തുടങ്ങിയവ അനുവദിച്ചു വരുന്നു.

**(സി)** അസംസ്കൃത കശുവണ്ടി, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വിപണനം, തൊഴിലാളി ക്ഷേമം എന്നിവ ഉൾപ്പെടുത്തി കൊല്ലം കേന്ദ്രീകരിച്ച് പ്രത്യേക കശുവണ്ടി വികസന പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** **സാധ്യതകൾ പരിശോധിക്കുന്നതാണ്.**

**സെക്ഷൻ ഓഫീസർ**